# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,

## അഗ്രികൾച്ചർ കോളേജ്, വെള്ളാനിക്കര

Email: cohagmet@kau.in&kauagmet@yahoo.co.in

**കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ**

## എറണാകുളംജില്ല

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എ.എസ് 22/2021 (43) ചൊവ്വാഴ്ച്ച** **തീയ്യതി 25.05.2021**

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 26.05.2021 | 27.05.2021 | 28.05.2021 | 29.05.2021 | 30.05.2021 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 16 | 8 | 5 | 8 | 18 |
| ഉയർന്ന താപനില (°C) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 26 | 26 | 26 | 26 | 26 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 96 | 96 | 96 | 96 | 96 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 78 | 78 | 78 | 78 | 78 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 10 | 14 | 10 | 5 | 5 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 290 | 320 | 290 | 320 | 290 |
| മേഘവ്യാപ്തി (ഒക്ട) | 8 | 7 | 7 | 6 | 5 |

**ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും കെ.എ.യുവിന്റെയും പ്രവചനമനുസരിച്ച് ജില്ലയിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കാൻ സാധ്യത.**

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| **പൊതുനിർദ്ദേശങ്ങൾ:**വെള്ളക്കെട്ട് ഉള്ള സ്ഥലങ്ങളിൽ നീർവാർച്ച സൗകര്യം ഉറപ്പു വരുത്തുക. കാലവർഷാരംഭത്തിനു മുൻപേ കാർഷികവിളകൾക്ക് വിളപരിപാലനം നടത്തേണ്ടതാണ്. മണ്ണ് പരിശോധന നടത്തി മണ്ണിൽ അമ്ലത്വം കൂടുതൽ കാണപ്പെടുകയാണെങ്കിൽ ആവശ്യത്തിന് കുമ്മായം ചേർത്തുകൊടുക്കുക. | | |
| നെല്ല് | നിലംഒരുക്കൽ | വിരിപ്പ് കൃഷി ഇറക്കുന്ന പാടങ്ങളിൽ നിലംഒരുക്കൽ ആരംഭിക്കാം. |
| തെങ്ങ് | കൂമ്പുചീയൽ | മഴക്കാലത്ത് തെങ്ങിലെ കൂമ്പുചീയൽ രോഗത്തിന് മുൻകരുതലായി 1% വീര്യമുള്ള ബോർഡോ മിശ്രിതം തെങ്ങിന്റെ കൂമ്പിൽ തളിച്ചു തളിച്ചുകൊടുക്കാവുന്നതാണ്. |
| ജാതി | ഇലപൊഴിച്ചിൽ | മഴക്കാലത്ത് ജാതിയിൽ ഇലപൊഴിച്ചിൽ വരാതിരിക്കാനുള്ള മുൻകരുതലായി 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിച്ചുകൊടുക്കാവുന്നതാണ്. |
| | പിങ്ക് രോഗം | ജാതി തടിയുടെ പിങ്ക് രോഗം മൂലം കേടുവന്ന ഭാഗം ചെത്തി മാറ്റി അഞ്ച് മില്ലി കോൺടാഫ് 100 മില്ലി വെള്ളത്തിൽ ലയിപ്പിച്ച് പുരട്ടുകയോ, തളിക്കുകയോ ചെയ്ത് മഴ കൊള്ളാതെ സംരക്ഷിക്കുക. |
| കുരുമുളക് | ദ്രുതവാട്ടം | മഴക്കാലത്ത് കുരുമുളകിലെ ദ്രുതവാട്ട രോഗത്തെ പ്രതിരോധിക്കാനായി. രണ്ടു കിലോ ട്രൈക്കോഡർമ 90 കിലോ ചാണകപ്പൊടിയും 10 കിലോ വേപ്പിൻ പിണ്ണാക്കുമായി കൂട്ടി കലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്ക വണ്ണം രണ്ടാഴ്ചത്തേക്ക് വയ്ക്കുക . ഈ മിശ്രിതത്തിൽ നി ന്ന് 2.5 കിലോ വീതം ഓരോ കുരുമുളക് ചെടിക്ക് ചുവട്ടിലും ഇട്ടു കൊടുക്കുക |
| ഇഞ്ചി ,മഞ്ഞൾ | മൂടുചീയൽ | മഴക്കാലത്ത് ഇഞ്ചിയിലും, മഞ്ഞളിലും മൂടുചീയൽ രോഗം വ്യാപിക്കാതിരിക്കാൻ 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ചു കൊടുക്കുകയോ ,തടത്തിൽ ഒഴിച്ചു കൊടുക്കുകയോ ചെയ്യാം. |
| മൃഗസംരക്ഷണം | കന്നുകാലിത്തൊഴുത്തും പരിസരവും വെള്ളക്കെട്ടില്ലാതെ വൃത്തിയായി സൂക്ഷിക്കുക. തൊഴുത്തിൽ മതിയായ വായുസഞ്ചാരം ഉറപ്പാക്കുക. കോഴിക്കൂട്ടിൽ ഈർപ്പം ഇല്ലാതെ നിലനിർത്തേണ്ടതാണ്. അറയ്ക്കപൊടി ഇടയ്ക്കു ഇളക്കികൊടുക്കുകയും വേണ്ടിവന്നാൽ പുതിയ അറയ്ക്കപൊടി ഇട്ടുകൊടുക്കുകയും വേണം. | |